# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.971 30.11.2018 -ൽ മറുപടിയ്ക്ക്

**നെയ്യാർഡാം മോടിപിടിപ്പിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ**

ചോദ്യം

ശ്രീ.കെ.എസ്.ശബരീനാഥൻ

മറുപടി

കെ.കൃഷ്ണൻകുട്ടി

ജലവിഭവ വകുപ്പമന്ത്രി

| | | | |
|---|---|---|---|
| എ) | നെയ്യാർ ഡാമിന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) | നെയ്യാർഡാം മോടിപിടിപ്പിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണ്; ഈ സർക്കാർ നിലവിൽ വന്നശേഷം അതിനായി എന്ത് തുക ചെലവഴിച്ചു ; | ബി) | നെയ്യാർഡാമിന്റെ വികസന പ്രവർത്തനങ്ങൾക്കായി ടൂറിസം ഡിപ്പാർട്ട്മെന്റുമായി സഹകരിച്ച് 4.65 കോടി രൂപയുടെ ഭരണാനുമതി നൽകുകയും 18-01-2018ൽ ഇതു സംബന്ധിച്ച പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തു. ഈ പ്രവൃത്തികളുടെ കാലാവധി ഒരു വർഷമായിട്ടാണ് നിജപ്പെടുത്തിയിട്ടുള്ളത്. കോൺട്രാക്ടർ പാർട്ട് ബിൽ ആവശ്യപ്പെടാത്തതു കൊണ്ടാണ് ഈ വകയിൽ സർക്കാർ ഖജനാവിൽ നിന്നും തുകകളൊന്നും തന്നെ ചെലവാകാതിരുന്നത്. |
| സി) | വിവിധ വകുപ്പുകളുടെനേതൃത്വത്തിൽ നടക്കുന്ന വികസന പ്രവർത്തനങ്ങളിൽ ഏകോപനമില്ലാത്തതിനാൽ നെയ്യാർ വികസന അതോറിറ്റി രൂപീകരിക്കണമെന്നുള്ള ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിനോടുള്ള നിലപാട് വ്യക്തമാക്കാമോ ? | സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിവിധ വകുപ്പുകളുടെ ഏകോപനം ഈ വിഷയത്തിൽ ആവശ്യമാണ്. |

സെക്ഷൻ ഓഫീസർ